**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അധികാരിയായി ശ്രീ.എൻ.വിശ്രുതൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറിയെ താല്ക്കാലികമായി നിയമിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയം ഭരണ(പിഎസ്)വകുപ്പ്**

**സ.ഉ(സാധാ)നം.2478/2016/ തസ്വഭവ. തിരുവനന്തപുരം, തീയതി,18.08.16**

പരാമർശം- തദ്ദേശ സ്വയം ഭരണ (ഇആർബി) വകുപ്പിന്റെ 10.08.16 ലെ ഇആർബി1/47/2016/തസ്വഭവ നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അധികാരിയായിരുന്ന ശ്രീ.ജി.ഡേവിഡ് മിൽട്ടൻ (ഡെപ്യൂട്ടി സെക്രട്ടറി) 31.07.2016 ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകൾക്ക് അപ്പീൽ അധികാരിയെ നിയമിച്ച് നല്കണം എന്ന് പരാമർശത്തിലെ കുറിപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ (ഇആർബി) വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകളുടെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അധികാരിയായി ശ്രീ.എൻ.വിശ്രുതൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകളുടെ ഡെപ്യൂട്ടി സെക്രട്ടറിയായി മറ്റൊരു ജീവനക്കാരനെ/ജീവനക്കാരിയെ നിയമിക്കുന്നതു വരെ ശ്രീ.എൻ.വിശ്രുതൻ ആചാരി, ഡെപ്യൂട്ടി, സെക്രട്ടറി തദ്ദേശ സ്വയം ഭരണ (ഇആർഎ/ഇആർബി) വകുപ്പുകളുടെ അപ്പീൽ അധികാരിയുടെ അധിക ചുമതല നിർവ്വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
സിദ്ധാർത്ഥൻ. എസ്,
ഡെപ്യൂട്ടിസെക്രട്ടറി.

ശ്രീ.എൻ.വിശ്രുതൻ ആചാരി, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ്
തദ്ദേശ സ്വയംഭരണ (ഇആർഎ/ഇആർബി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ